നടപ്പാക്കാനായില്ല. ഇപ്പോൾ മസ്ദൂർ/ഹെൽപ്പർമാരുടെ സ്ട്രെംഗ്ത് 249 ആണ്. നിലവിലുള്ള 42 ഒഴിവുകളും ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ചെയിൻ പ്രൊമോഷന്റെ ഫലമായുള്ള 66 ഒഴിവുകളും ചേർത്താണ് 108 പേരെ നിയമിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) 183 ഹെൽപ്പർമാർ/മസ്ദൂർമാർ ജോലി നോക്കുന്നു.

(ഡി) 108 മസ്ദൂർമാരെ. എന്നാൽ നിയമന നടപടികൾ നിറുത്തിവച്ചിരിക്കുകയാണ്.

(ഇ) 24 ഹെൽപ്പർമാർ/മസ്ദൂർമാർ ഇവിടെ ജോലി ചെയ്യുന്നുണ്ട്.

(എഫ്) ആരേയും നിയമിക്കാൻ ഉദ്ദേശിക്കുന്നില്ല.

(ജി) ഇല്ല.

(എച്ച്) പി. എസ്. സി.-യുടെ പരിധിയിൽ വരുന്ന തസ്തികകളിലൊന്നും കമ്പനി നേരിട്ടു നിയമനം നടത്തുന്നില്ല.

മലബാർ സിമന്റ്സിന്റെ ലാഭം

15 [2142] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2001 വരെയുള്ള 5 വർഷക്കാലയളവിനുള്ളിൽ മലബാർ സിമന്റ്സിന്റെ ലാഭം എത്ര കോടിയാണ്;

(ബി) 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിൽ മലബാർ സിമന്റ്സിന്റെ ലാഭം/നഷ്ടം എത്ര;

(സി) മലബാർ സിമന്റ്സിലെ വാളയാർ യൂണിറ്റിൽ ഒരു ടൺ സിമന്റ് ലോഡ് ചെയ്യുന്നതിന് കരാർ എത്ര രൂപയാണ്;

(ഡി) ഇതേ ജോലി ചേർത്തല യൂണിറ്റിൽ എത്ര രൂപയ്ക്കാണ് കോൺട്രാക്ട് കൊടുത്തിരിക്കുന്നത്;

(ഇ) പ്രസ്തുത രണ്ട് യൂണിറ്റിലേയും കോൺട്രാക്ട് ഒരേ കോൺട്രാക്ടർക്കാണോ നൽകിയിരിക്കുന്നത്;

(എഫ്) എങ്കിൽ കോൺട്രാക്ടറുടെ പേര് വെളിപ്പെടുത്തുമോ;

(ജി) മലബാർ സിമന്റ്സിന്റെ ചേർത്തല ഗ്രൈന്റിംഗ് യൂണിറ്റിലെ സിമന്റ് ലോഡിംഗ് കോൺട്രാക്ടിൽ അഴിമതി നടന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ എന്തു നടപടി സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഐ) നഷ്ടം ഉണ്ടാക്കുന്ന മലബാർ സിമന്റ്സിനെ രക്ഷിക്കുവാൻ സർക്കാർ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 1996 മുതൽ 2001 വരെയുള്ള 5 വർഷങ്ങളിൽ മലബാർ സിമന്റ്സിന്റെ ലാഭം 80 കോടി രൂപയാണ്.

(ബി) 2001-2002, 2003-2004 വർഷങ്ങളിൽ മലബാർ സിമന്റ്സിന്റെ ലാഭം യഥാക്രമം 845.60 ലക്ഷം രൂപയും 203.20 ലക്ഷം രൂപയുമാണ്. എന്നാൽ 2002-2003 സാമ്പത്തിക വർഷത്തിൽ 1125.74 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

(സി) മലബാർ സിമന്റ്സിലെ വാളയാർ യൂണിറ്റിൽ ഒരു ടൺ സിമന്റ് ലോഡ് ചെയ്യുന്നതിന് 14 രൂപയാണ് കരാറുകാരന് നൽകുന്നത്.

(ഡി) ചേർത്തല യൂണിറ്റിൽ സിമന്റ് സൈലോ ഓപ്പറേഷൻ, സിമന്റ് പാക്കിംഗ്, സിമന്റ് ലോഡിംഗ്, സിമന്റ് ലോറികളിൽ ടാർപാളിൻ കെട്ടുക എന്നീ ജോലികൾ ഒരുമിച്ചു ചേർത്താണ് ടണ്ണിന് 60 രൂപയ്ക്ക് കരാറുകാരന് നൽകിയിരിക്കുന്നത്. സിമന്റ് ലോഡിംഗിന് മാത്രമായി പ്രത്യേക നിരക്കില്ല.

(ഇ) അതെ.

(എഫ്) ശ്രീ. കെ. കെ. അപ്പച്ചൻ.

(ജി ആന്റ് എച്ച്) ഇല്ല. ആരോപണം ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

(ഐ) കമ്പനി ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

മലബാർ സിമന്റ്സിലെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ

16 [2143] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിലെ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര എണ്ണം; വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) വിജിലൻസ് കേസിലെ പ്രതികൾ ആരെങ്കിലും സീനിയർ എക്സിക്യൂട്ടീവ് ആയി ജോലി ചെയ്യുന്നുണ്ടോ; എങ്കിൽ അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) പ്രായപരിധി ലംഘിച്ചുകൊണ്ട് മലബാർ സിമന്റ്സിൽ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; എങ്കിൽ ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്; മൂന്ന് കേസുകൾ വിശദവിവരം താഴെക്കൊടുക്കുന്നു.

മലബാർ സിമന്റ്സിലെ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ. എൻ. ആർ. സുബ്രഹ്മണ്യം, മുൻ ജോയിന്റ് മെറ്റീരിയൽ മാനേജർ ശ്രീ. പി. ഹരിഹരൻ എന്നിവർക്കെതിരെയാണ് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നത് ചെന്നൈയിലെ കോസ്റ്റൽ എനർജി പ്രൈവറ്റ് ലിമിറ്റഡിൽ

LIBRARY ARCHIVES Kerala Legislative Assembly